പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1634** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും കണക്റ്റിംഗ് ബസ് സർവീസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** സ്ത്രീകൾക്കായി നടപ്പിലാക്കിയ പ്രിയദർശിനി സൗജന്യ ബസ് യാത്ര പദ്ധതിയുടെ ഭാഗമായി കഴിഞ്ഞ രണ്ടുമാസത്തിനിടെ എത്ര യാത്രകൾ നടന്നു; യാത്രയുടെ ഭാഗമായി കെ.എസ്.ആർ.ടി.സി. ക്കുണ്ടായ അധിക സാമ്പത്തിക ബാധ്യത എത്രയാണ്; വിശദമാക്കാമോ;

**<u>മറുപടി:</u>** കഴിഞ്ഞ രണ്ടു മാസങ്ങളിൽ– 2026 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ–പ്രിയദർശിനി പദ്ധതിപ്രകാരം 7,88,53,189 സൗജന്യ യാത്രകൾ നടന്നിട്ടുണ്ട്. ഇവയുടെ ടിക്കറ്റ് മൂല്യം 167.77 കോടി രൂപ ആണ്.

| മാസം | സൗജന്യ യാത്രകൾ | ടിക്കറ്റ് മൂല്യം | പ്രതിദിന ശരാശരി |
|---|---|---|---|
| 2026 ഓഗസ്റ്റ് | 3,72,12,538 | 79.53 കോടി രൂപ | 12.00 ലക്ഷം |
| 2026 സെപ്റ്റംബർ | 4,16,40,651 | 88.24 കോടി രൂപ | 13.88 ലക്ഷം |
| ആകെ | 7,88,53,189 | 167.77 കോടി രൂപ | 12.93 ലക്ഷം |

**(ബി)** ഷൊർണ്ണൂർ റെയിൽവേ ജംഗ്ഷനിൽ എത്തുന്ന ദീർഘ ദൂര ട്രെയിൻ യാത്രക്കാർക്ക് പ്രയോജനപ്പെടുത്തുന്ന വിധത്തിൽ രാത്രി/പുലർച്ചെ കെ.എസ്.ആർ.ടി.സി. കണക്ടിവിറ്റി സർവീസ് വർധിപ്പിക്കാൻ ആലോചനയുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ പെരിന്തൽമണ്ണ, പട്ടാമ്പി, ഷൊർണ്ണൂർ, വടക്കാഞ്ചേരി വഴിയും തൃശ്ശൂർ ഭാഗത്ത് നിന്നും വരുന്ന കെ.എസ്.ആർ.ടി.സി.യുടെ എല്ലാ സർവീസുകളും ഷൊർണ്ണൂർ റെയിൽവേസ്റ്റേഷൻ വഴിയാണ് സർവീസ് നടത്തിവരുന്നത്. കൂടാതെ ദീർഘദൂര ട്രെയിൻ യാത്രക്കാർക്ക് പ്രയോജന പ്പെടുത്തുന്ന വിധത്തിൽ രാത്രി / പുലർച്ചെ കണക്ടിവിറ്റി സർവീസ് എന്ന നിലയിൽ പാലക്കാട് നിന്നും 19.30 പാലക്കാട്-ഷൊർണ്ണൂർ (സ്റ്റേ), 21.00 പാലക്കാട്-ഷൊർണ്ണൂർ (സ്റ്റേ), 23.30 പാലക്കാട്-ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷൻ-ഗുരുവായൂർ, 05.00 ഷൊർണ്ണൂർ -പാലക്കാട്, 05.30 ഷൊർണ്ണൂർ - പാലക്കാട് എന്നീ സർവീസുകൾ നിലവിലുണ്ട്. കൂടുതൽ കണക്ടിവിറ്റി സർവീസ് ക്രമീകരിക്കു ന്നതിൻറെ സാദ്ധ്യത, ട്രെയിൻ സമയക്രമം, ഓരോ റൂട്ടുകളിലേയ്ക്കുമുള്ള യാത്രാവശ്യം എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിക്കേണ്ടതുണ്ട്

**സെക്ഷൻ ഓഫീസർ**